## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T5537 | 27.03.2018-ൽ മറുപടിയ്ക്ക് |
|---|---|

### പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള ഉത്തരവ് പ്രകാരം എത്ര മൈക്രോൺ കനമുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ആണ് നിരോധിച്ചിട്ടുള്ളതെന്നും, എത്ര മൈക്രോൺ വരെയുള്ളവ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെൻറ് റൂൾസ് 2016 ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് 24.09.2016-ലെ 576/ഡി.സി.1/16/തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വില്പന നടത്താൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഉപയോഗപ്രദമായ പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ കനപരിധി നിശ്ചയിച്ചിട്ടില്ല. |
| (ബി) | ഇന്ന് സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി പ്ലാസ്റ്റിക് മാലിന്യങ്ങൾ ആണെന്നും, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗിൽ കെട്ടി ജല സ്രോതസ്സുകളിലും മറ്റും വലിച്ചെറിയപ്പെടുന്നതും, പ്രസ്തുത മാലിന്യങ്ങൾ അവിടെ കിടന്ന് പരിസരവും ജല സ്രോതസ്സുകളും മലിനമാകുന്നതിനും പല തരത്തിലുള്ള പകർച്ച വ്യാധികൾ പടർന്ന് പിടിക്കുന്നതിനും കാരണമാകുന്നു എന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | എങ്കിൽ പ്രകൃതിക്ക് ഏറ്റവും ഹാനികരമായ പ്ലാസ്റ്റിക് ക്യാരി ബാഗുകളും നിലവാരം കുറഞ്ഞ പ്ലാസ്റ്റിക് ഉത്പന്നങ്ങളും ഫ്ലക്സ് ബോർഡുകളും നിരോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | "എ" പിരിവിൽ സൂചിപ്പിച്ചതു പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ടി ഉത്തരവിൽ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വില്പന നടത്തുന്ന വ്യാപാരികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ |

| | | | |
|---|---|---|---|
| | | | രജിസ്റ്റർ ചെയ്യണമെന്നും ക്യാരി ബാഗുകളുടെ ഉപയോഗത്തിന്റെ തോതനുസരിച്ച് നിശ്ചിത ഫീസ് തദ്ദേശസ്ഥാപനങ്ങൾ വ്യാപാരികളിൽ നിന്നും ഈടാക്കണമെന്നും നിഷ്കർഷിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 06.11.2014-ലെ സ.ഉ.(കൈ) നം.195/2014/തസ്വഭവ ഉത്തരവ് പ്രകാരം പൊതു സ്ഥലങ്ങളിൽ പ്ലാസ്റ്റിക് ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് വ്യവസ്ഥകൾക്ക് വിധേയമായി ഫ്ളക്സ് ബോർഡുകൾക്കും ബാനറുകൾക്കും പകരം റീസൈക്കിൾ ചെയ്യാവുന്നതും പി.വി.സി. രഹിതവുമായ പോളി എതിലീൻ നിർമ്മിത വസ്തുക്കളോ അതേ പോലുള്ള മറ്റ് വസ്തുക്കളോ ഉപയോഗിക്കുന്നതിന് 27.10.2015-ലെ സ.ഉ.(സാധാ) നം.3185/2015/തസ്വഭവ അനുമതി നൽകുകയും, ചീഫ് സെക്രട്ടറിയുടെ 14.02.2018-ലെ നം.സി.2/274/2017/ഐ&പി.ആർ.ഡി. സർക്കുലർ പ്രകാരം സർക്കാർ പരിപാടികളുടെ പരസ്യത്തിനായി ഫ്ളക്സ് ബോർഡുകളുടെ ഉപയോഗം പൂർണമായും ഒഴിവാക്കുന്നതിന് നിർദേശം നൽകിയിട്ടുമുണ്ട്. |
| (ഡി) | പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്കും ഫ്ലക്സിനും പകരമായി ഉപയോഗിക്കുന്ന വസ്തുക്കളെ പ്രോത്സാഹിപ്പിക്കുന്നതിന്, ഹരിത കേരള മിഷൻ മുഖേന സർക്കാർ തലത്തിൽ തന്നെ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക പകരം തുണി സഞ്ചികൾ പോലുള്ള പ്രകൃതി സൗഹൃദ വസ്തുക്കളാൽ നിർമ്മിതമായ ക്യാരി ബാഗുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിതകേരളം മിഷൻ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ